**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **13-09-2023 - ൽ മറുപടിയ്ക്ക്**

**നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നീർത്തടാധിഷ്ഠിത ആസൂത്രണം കാര്യക്ഷമമാക്കുവാനും മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമാക്കി നടപ്പിൽ വരുത്തുവാനും പുഴകളുടെയും തോടുകളുടെയും സംരക്ഷണം ഉറപ്പ് വരുത്തുവാനും എന്തൊക്കെ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ? | (എ) | ഹരിതകേരളം മിഷന്റെ ഭാഗമായ ജല ഉപമിഷൻ മാർഗ്ഗരേഖയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ്. ഈ മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ബ്ലോക്ക്, ജില്ലാതലങ്ങളിൽ ജലസേചന വകുപ്പ് എഞ്ചിനീയർ കൺവീനറായി സാങ്കേതിക സമിതികൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ആകെയുള്ള 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും ഇവയെ ബ്ലോക്കടിസ്ഥാനത്തിൽ കൂട്ടിച്ചേർത്ത് നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഹരിതകേരളം മിഷന്റെ ഭാഗമായി ജനകീയ പുഴ പുനരുജ്ജീവന പ്രവർത്തനം ഏറ്റെടുക്കുകയും 422 കി.മീ നീളത്തിൽ 34 പുഴകളുടെ പുനരുജ്ജീവനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഉൾപ്പടെ വിവിധ പദ്ധതികളുടേയും വകുപ്പുകളുടേയും സഹായത്തോടെ നീർച്ചാലുകളുടെ പുനരുജ്ജീവനം, പുതിയ കുളങ്ങളുടെ നിർമ്മാണം, നിലവിലുള്ള കുളങ്ങളുടെ പുനരുജ്ജീവനം, കിണർ റീചാർജ്ജിംഗ് മുതലായ ജലസംരക്ഷണ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 15 ബ്ലോക്ക് പഞ്ചായത്തുകളിലും ആ ബ്ലോക്ക് പ്രദേശത്തെ 94 ഗ്രാമപഞ്ചായത്തുകളിലും ജനകീയ ജലബജറ്റ് പ്രവർത്തനം നടത്തിയിട്ടുണ്ട്. പശ്ചിമഘട്ട പ്രദേശത്തെ അടഞ്ഞുപോയ നീർച്ചാൽ ശൃംഖലകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള സുരക്ഷിതമാക്കാം പശ്ചിമഘട്ടം |

| | | | |
|---|---|---|---|
| | | | കാമ്പയിന് തുടക്കം കുറിച്ചു. ഈ കാമ്പയിന്റെ ആദ്യഘട്ടമായി ആ പ്രദേശത്തു വരുന്ന 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നീർച്ചാലുകൾ മാപ്പത്തോണിൽ ഉൾപ്പെടുത്തി ഡിജിറ്റൽ മാപ്പുകളിൽ രേഖപ്പെടുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനം പൂർത്തീകരണ ഘട്ടത്തിലാണ്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പിന്തുണയോടെയും ഐ.ടി മിഷന്റെ ഭാഗമായ ICFOSS ന്റെ സാങ്കേതിക സഹായത്തോടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത്.<br><br>ഹരിതകേരളം മിഷനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത ജലസംരക്ഷണ പരിപാടിയായ നീരുറവിന്റെ വിശദമായ പദ്ധതി രേഖ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തയ്യാറാക്കി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ